# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 565 — 11.6.2013 -ൽ മറുപടിക്ക്

## കോഴി ഇറച്ചിക്കുള്ള നികുതി കുറയ്ക്കാൻ നടപടി

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | കോഴി കർഷകരിൽ നിന്നും അശാസ്ത്രീയമായി നികുതി ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് ഇതിന്മേൽ കൈക്കൊണ്ടിട്ടുള്ളത് ; | (എ) അശാസ്ത്രീയമായി നികുതി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ചെക്ക് പോസ്റ്റുകളിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് നടക്കുന്ന വെട്ടിപ്പ് അവസാനിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (ബി) ചെക്ക് പോസ്റ്റുകളിൽ മുൻകൂർ നികുതി അടച്ചുവരുന്ന കോഴി വണ്ടികൾ മൊത്തം ലോഡിനും നികുതി അടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഇന്റലിജൻസ് വിഭാഗത്തിന് നിർദേശം നൽകിയിട്ടുണ്ട്. സാധാരണ നിരീക്ഷണ നടപടികൾക്ക് പുറമെ കോഴിക്കടത്ത് തടയുന്നതിനു വേണ്ടി ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്), കോഴിക്കോട്, ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ, പാലക്കാട് എന്നിവരുടെ നേതൃത്വത്തിൽ ഒരു സ്ഥിരം സ്പെഷ്യൽ സ്ക്വാഡിനെ രൂപീകരിച്ചിട്ടുണ്ട്. അതിർത്തി പ്രദേശങ്ങളിലെ ഫാമുകളുടെ പ്രവർത്തനം നിരീക്ഷിക്കുവാനും സ്ഥിരം സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കോഴിയിറച്ചിക്കും പുറത്തുനിന്ന് കൊണ്ടുവരുന്ന കോഴിയിറച്ചിക്കും 14.5 % നികുതി എന്ന വ്യവസ്ഥ പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ ; | (സി) രണ്ടു തരത്തിലുള്ള നികുതി നിശ്ചയിക്കുന്നത് ഭരണഘടനാപരമായി നിലനിൽക്കുന്നതല്ലാത്തതിനാൽ ഈ വ്യവസ്ഥ പരിശോധിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല. |
| (ഡി) | കോഴിത്തീറ്റയ്ക്ക് നികുതി കുറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | (ഡി) കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരം കോഴിത്തീറ്റ നികുതി വിമുക്തമാണ്. |

സെക്ഷൻ ഓഫീസർ